ചെയ്തിട്ടില്ലെന്നത് സത്യമാണ്. അതിന് ഒരാൾ മറ്റൊരാളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. അത് കൂടുതൽ സ്ട്രങ്തൺ ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് നമുക്ക് കൂട്ടായിട്ട് ആലോചിക്കാം; വേണ്ടിവന്നാൽ ചെയർമാൻമാരെ വിളിച്ച് ചർച്ച ചെയ്യാം.

X. ഗവൺമെന്റ് പ്രമേയങ്ങൾ

(1) ഓൺ-ലൈൻ ലോട്ടറിയുടെ പ്രത്യാഘാതങ്ങൾ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: ഓൺലൈൻ ലോട്ടറിയുടെ വിനാശകരമായ പ്രത്യാഘാതങ്ങൾ കേരളത്തിലെ വളരെയധികം ആളുകളെ നിത്യ ദാരിദ്ര്യത്തിൽ ആഴ്ത്തുകയും ചൂഷണ വിധേയരാക്കുകയുമുണ്ടായി. വളരെ പേർ അതിന് അടിമകളാകുകയും അവരുടെ വിലപ്പെട്ട ജീവൻ സ്വയം ത്യജിക്കുന്നിടംവരെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്തു. കൂടാതെ കുടുംബങ്ങളെ ഒടുങ്ങാത്ത ദുരിതങ്ങളിലാഴ്ത്തി ഈ കൊടിയ സാമൂഹ്യ വിപത്തിന് അന്ത്യം കുറിക്കുവാനും നിഷ്കളങ്കരും നിരപരാധികളുമായ ജനത്തെ ഓൺലൈൻ ലോട്ടറിയുടെ നിത്യേന വ്യാപിച്ചുവരുന്ന ഈ ബാധയിൽനിന്നും മോചിപ്പിക്കുവാനും ഈ മഹനീയ സഭ പ്രതിജ്ഞാബദ്ധമാണ്. കേരളത്തെ ഒരു ഓൺലൈൻ ലോട്ടറി വിമുക്ത മേഖലയാക്കി മാറ്റുകയെന്നുള്ളതാണ് ഈ പ്രമേയം കൊണ്ട് ലക്ഷ്യമിടുന്നത്. ആയതിലേക്ക് 30-3-2005-ലെ കേരള നിയമസഭയുടെ ഈ പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. I will read the main part in English.

'We, the members of the Kerala Legislative Assembly unanimously do, hereby, resolve to request Government of India to prohibit online lottery in Kerala Under Section 6 of the Kerala Lotteries (Regulation) Act, 1998.'

മി. സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠേന അംഗീകരിച്ചിരിക്കുന്നു.

(2) 2001-ലെ അടിസ്ഥാന സൗകര്യ വികസന ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റി അംഗങ്ങൾ

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)*: സർ, 2001 ഡിസംബർ മാസം 6-ാം തീയതി സഭ കൈക്കൊണ്ട തീരുമാനമനുസരിച്ച് രൂപീകൃതമായ 2001-ലെ കേരള അടിസ്ഥാന
12 NOON] സൗകര്യ വികസന ബിൽ സംബന്ധിച്ച സെലക്ട് കമ്മിറ്റിയിൽ അംഗങ്ങളായ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ശ്രീ കെ. കുട്ടി അഹമ്മദ്കുട്ടി, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

LIBRARY ARCHIVES Kerala Legislative Assembly